**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:02-07-2024**

### പ്രധാനവാർത്തകൾ

1. അഴിമതിയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് **NDA** സർക്കാരിനുള്ളതെന്നും, വികസിത ഭാരതത്തിനായി ആത്മാർത്ഥതയോടെ പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി ലോക്സഭയിൽ മറുപടി നൽകി.

2. സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യം, സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

3. നിയമസഭാ സമ്മേളനം ഈ മാസം 11 വരെയാക്കി വെട്ടിച്ചുരുക്കാൻ കാര്യോപദേശക സമിതി തീരുമാനം.

4. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

5. കേരളത്തിലെ 49 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഈ മാസം 30 ന് ഉപതിരഞ്ഞെടുപ്പ് നടക്കും.

RNU TVPM

6. വനമഹോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എ.കെ. ശശീന്ദ്രൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

********************

## പ്രധാനമന്ത്രി നന്ദിപ്രമേയം

അഴിമതിയ്ക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളും, രാജ്യം ആദ്യമെന്ന സമീപനവുമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ N D A സർക്കാരിനെ ജനങ്ങൾ പിന്തുണയ്ക്കാൻ കാരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാവർക്കും നീതി, ആരോടും പ്രീണനമില്ല എന്ന സമീപനമാണ് സർക്കാർ പിന്തുടർന്നത്. വികസിത ഭാരതം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി ആത്മാർത്ഥതയോടെ പ്രവർത്തിക്കുമെന്നും പാർലമെൻറിൽ നന്ദിപ്രമേയ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

പ്രതിപക്ഷത്തെ രൂക്ഷമായി വിമർശിച്ച അദ്ദേഹം, തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചിട്ടും തിരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന് പരാജയം നേരിടേണ്ടി വന്നതായി ചൂണ്ടിക്കാട്ടി. തിരഞ്ഞെടുപ്പിൽ ജനങ്ങൾ കാണിച്ച പക്വതയേയും, വിവേകത്തെയും ശ്രീ മോദി പ്രകീർത്തിച്ചു. NDA സർക്കാരിന്റെ നയങ്ങളിലും, സമർപ്പണ മനോഭാവത്തിലുമുള്ള ജനവിശ്വാസമാണ് തിരഞ്ഞെടുപ്പ് വിജയത്തിലേക്ക് നയിച്ചത്. മൂന്നിരട്ടി വേഗത്തിലും, ഊർജ്ജത്തിലും ഇത്തവണ വീണ്ടും പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നാളെ രാജ്യസഭയിൽ മറുപടി നൽകും.

********************

## രാഹുൽ ഗാന്ധി

PNU TVPM

ലോക്സഭയിൽ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ഇന്നലെ നടത്തിയ പരാമർശങ്ങൾക്കെതിരെ സഭയിൽ നോട്ടീസ് നൽകി ബിജെപി എംപി ബാംസുരി സ്വരാജ്. രാഹുൽ ഗാന്ധിയുടെ പ്രസംഗത്തിൽ കൃത്യമല്ലാത്ത നിരവധി പരാമർശങ്ങൾ ഉണ്ടെന്നും, ഇവ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ചൂണ്ടിക്കാട്ടിയാണ് നോട്ടീസ്. അതേസമയം പ്രസംഗത്തിലെ ചില ഭാഗങ്ങൾ സഭാരേഖയിൽ നിന്നും ഒഴിവാക്കിയതിനെതിരെ രാഹുൽ ഗാന്ധി ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് കത്തയച്ചു.

*********************

## നിയമസഭ വാക്കൗട്ട്

സംസ്ഥാനത്ത് മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചാ വ്യാധികൾ കാരണം മരണങ്ങൾ വർധിക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്തു നിന്നും ടി വി ഇബ്രാഹിം ആണ് ഇത് സംബന്ധിച്ച ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സംസ്ഥാനത്ത് പകർച്ചാ വ്യാധി പടരുന്ന സാഹചര്യത്തെ ആരോഗ്യ മന്ത്രി വളരെ ലാഘവത്തോടെയാണ് സമീപിക്കുന്നത് എന്ന് ടി വി ഇബ്രാഹിം ആരോപിച്ചു. കാലാനുസൃതമായി മാറ്റം വരുത്താത്തതിനാൽ ആരോഗ്യ രംഗം പിന്നോട്ട് പോയിരിക്കുന്നു എന്നും പകർച്ചാ വ്യാധി പടരുന്നതിന്റെ മൂലകാരണം കണ്ടെത്തണം എന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. മലപ്പുറത്ത് ശാസ്ത്രീയമായ ഇടപെടലിന്റെ ഭാഗമായി രോഗം റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് മന്ത്രി വീണ ജോർജ് മറുപടി നൽകി. രോഗം രൂക്ഷമായ വള്ളികുന്നിൽ ആരും നിലവിൽ ഐ പി അഡ്മിഷനിൽ ഇല്ലെന്നും ആശങ്കപ്പെടേണ്ട കാര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്.

PNUTVPM

*********************

## സമ്മേളനം പുനഃക്രമീകരിച്ചു

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഈ മാസം 11 വരെയാക്കി വെട്ടിച്ചുരുക്കാൻ കാര്യോപദേശക സമിതി തീരുമാനം. നാളത്തെ സമ്മേളനവും ഒഴിവാക്കിയിട്ടുണ്ട്. കഴിഞ്ഞ മാസം 10 ന് ആരംഭിച്ച നിയമസഭാ സമ്മേളനം ഈ മാസം 25 വരെ തുടരാനായിരുന്നു മുൻപ് തീരുമാനിച്ചിരുന്നത്.

*********************

## മുഖ്യമന്ത്രി - എൻഡോസൾഫാൻ

കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽപ്പെടുത്താനുള്ള 1,031 അപേക്ഷകരിൽ അർഹരായവരെ മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് വിധേയമായി ഉൾപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്യു യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്. മെഡിക്കൽ ബോർഡ് ക്യാമ്പുകൾ വികേന്ദ്രീകൃതമായി നടത്താനും ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന അന്തിമ പട്ടിക, എൻഡോസൾഫാൻ സെൽ യോഗം ചേർന്ന് സെപ്റ്റംബർ അവസാനം പ്രസിദ്ധീകരിക്കും. ദുരിതബാധിതർക്ക് സൗജന്യ ചികിത്സ തുടരാൻ വേണ്ട തുക കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നൽകാനും തീരുമാനമായി.

RNU TVPM

*********************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 49 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഈ മാസം 30 ന് ഉപതിരഞ്ഞെടുപ്പ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ്

കമ്മീഷണർ എ.ഷാജഹാൻ. വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. അന്നേദിവസം മുതൽ ജൂലൈ 11 വരെ നാമനിർദ്ദേശപത്രിക സമർപ്പിക്കാം. ജൂലൈ 12 നാണ് സൂക്ഷ്മ പരിശോധന. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 15 ആണ്. വോട്ടെണ്ണൽ ജൂലൈ 31 ന് നടക്കും. മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് മുതൽ നിലവിൽ വന്നിട്ടുണ്ട്. ഒരു ജില്ലാപഞ്ചായത്ത് വാർഡിലും നാല് ബ്ളോക്ക് പഞ്ചായത്ത് വാർഡുകളിലും ആറ് മുനിസിപ്പാലിറ്റി വാർഡുകളിലും 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്.

*********************

## വനമഹോത്സവം

വന്യജീവി ആക്രമണത്തിൽ ഒരാൾ പോലും മരിക്കാൻ പാടില്ല എന്നതാണ് വനം വകുപ്പിൻറെ നിലപാടെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. വനംവകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം-2024 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. വനംവകുപ്പിനെ ജനങ്ങളുടെ ശത്രുക്കളാക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നതായും, മനുഷ്യ വന്യജീവി സംഘർഷങ്ങളിൽ ഉണ്ടായ മരണങ്ങളുടെ കണക്കുകൾ പെരുപ്പിച്ചുകാണിക്കാനുള്ള ഗൂഢശ്രമം നടക്കുന്നതായും മന്ത്രി ആരോപിച്ചു. മനുഷ്യജീവൻ സംരക്ഷിക്കുന്നതോടൊപ്പം വന്യജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും വനംവകുപ്പിൻറെ ചുമതലയാണെന്ന് അദ്ദേഹം പറഞ്ഞു.

*********************

## ടൂറിസം- പിഎ മുഹമ്മദ് റിയാസ്

RNU TVPM

നൂതന ടൂറിസം ഉത്പന്നങ്ങളിലൂടെയും പദ്ധതികളിലൂടെയും കേരളം ഭാവിയുടെ ടൂറിസം ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ്. മാറുന്ന കാലത്തിൻറെ അഭിരുചികൾ തിരിച്ചറിഞ്ഞുകൊണ്ട് നടപ്പാക്കുന്ന പദ്ധതികളാണ് കേരളത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ക്യൂബൻ അംബാസഡർ ഇൻ ചാർജ് എബൽ ഡെഷ്പാനിയെയുടെ കേരള ടൂറിസം അധികൃതരുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

********************

## വി മുരളീധരൻ

പാർലമെൻ്ററി മര്യാദകൾക്ക് നിരക്കാത്ത പ്രസംഗമാണ് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ പാർലമെൻറിൽ നടത്തിയതെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ. അപമാനകരമായ പരാമർശങ്ങളിൽ രാഹുൽ ഗാന്ധി മാപ്പ് പറയണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

RNU TVPM

********************

## അന്തരിച്ചു

മുതിർന്ന മാധ്യമപ്രവർത്തകൻ എം.ആർ. സജേഷ് നിര്യാതനായി. 46 വയസ്സായിരുന്നു. കരൾ രോഗത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗത്തിൽ കാഷ്വൽ ന്യൂസ് എഡിറ്ററായിരുന്നു. ഇന്ത്യാവിഷൻ, കൈരളി, ന്യൂസ് 18, എന്നിവിടങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. എം.ആർ. സജേഷിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. ഭൗതികശരീരം തിരുവനന്തപുരം പ്രസ് ക്ലബ്ബിലെ

പൊതുദർശനത്തിന് ശേഷം അൽപസമയത്തിനകം സ്വദേശമായ വയനാട്ടിലേക്ക് കൊണ്ടുപോവും.

********************

## ഫോക്‌ലോർ പുരസ്കാരം

കേരള ഫോക്ലോർ അക്കാദമി പുരസ്കാര സമർപ്പണം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കും. പി.കെ കാളൻ പുരസ്കാരം ചിമ്മാനക്കളി ആചാര്യൻ കെ. കുമാരന് ചടങ്ങിൽ സമ്മാനിക്കും.

********************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകി. കോഴിക്കോടും നാളെ മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

RNU TVPM

********************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 35 പോയിന്റ് താഴ്ന്ന് 79,441 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 18 പോയിന്റ് കുറഞ്ഞ് 24,124 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില വർധിച്ചു. പവന് 80 രൂപ വർധിച്ച് 53,080 രൂപയും, ഗ്രാമിന് 10 രൂപ കൂടി 6,635 രൂപയുമാണ് ഇന്നത്തെ വില.

********************

## പേ വിഷബാധ

കോഴിക്കോട് അത്തോളിയിൽ നാലുപേരെ കടിച്ച കുറുക്കന് പേ വിഷബാധ ഉണ്ടായിരുന്നതായി റിപ്പോർട്ട് ലഭിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി ഗ്രാമ പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി. വളർത്തു മൃഗങ്ങൾക്കും കുറുക്കൻറെ കടിയേറ്റിരുന്നു.

********************

RNUTVPM

## പരിശോധന

ആലപ്പുഴ മാന്നാറിൽ കാണാതായ യുവതിയെ കൊന്ന് കുഴിച്ചുമൂടിയതാണെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് സെപ്റ്റിക് ടാങ്ക് പൊളിച്ച് മൃതദേഹത്തിനായി തിരച്ചിൽ നടത്തി. സംഭവമായി ബന്ധപ്പെട്ട് അഞ്ചുപേർ പോലീസ് കസ്റ്റഡിയിൽ ഉണ്ട്.

**************************************************************************************

*********